# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2093 | 07.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യ വകുപ്പിലെ നിയമനങ്ങളും സൃഷ്ടിച്ച തസ്തികകളും

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ ജി.ഒ.(എം.എസ്) നം.198/16/ആ.കു.വ, തീയതി 20.10.2016 പ്രകാരം 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികകൾ വിവിധ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ ജി.ഒ(എം.എസ്) നം.22/2017/ആ.കു.വ തീയതി 09.02.2017 പ്രകാരം പത്ത് വിവിധ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.<br><br>സ.ഉ.(എം.എസ്) നം.192/2016/ആ.കു.വ തീയതി:07.10.2016 പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ തസ്തികകളും, സ.ഉ(എം.എസ്) നം.230/2016/ആ.കു.വ തീയതി 28.12.2016 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെയും തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പുതിയ മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജുകളിലായി 450 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കൂടാതെ, സ. ഉ (കൈ) നം 193/2016/ആ.കു.വ തീയതി 07.10.2016 പ്രകാരം പ്രൊഫസർ ഓഫ് ഫാർമസ്യൂട്ടിക്കൽ അനാലിസിസ് തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചു.<br><br>സ. ഉ.(കൈ)20/2017/ആ.കു.വ തീയതി 06.02.2017 പ്രകാരം ആലപ്പുഴ ഫാർമസികോളേജിൽ 4 സീനിയർ ലക്ചറർമാരുടെ തസ്തിക സൃഷ്ടിച്ചു. |

| | | | |
|---|---|---|---|
| | | | സ. ഉ (എം.എസ്) നം.225/2016/ആ.കു.വ തീയതി 22.12.2016 പ്രകാരം സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തെ അർബുദരോഗ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രമാക്കി ഉയർത്തുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചു. |
| (ബി) | ഇക്കാലയളവിൽ ആരോഗ്യ വകുപ്പിൽ പുതുതായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പിൽ 2256 നിയമനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 614 നിയമനങ്ങളും പുതുതായി നടത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ